# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3626 10.4.2013-ൽ മറുപടിയ്ക്ക്**

**പൗൾട്രി മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | കേരളത്തിലെ പൗൾട്രി മേഖലയിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; | എ) | കേരളത്തിലെ ഇറച്ചിക്കോഴി കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് വിവിധ കോഴികർഷക സംഘടനാപ്രതിനിധികളുമായി നടത്തിയ മീറ്റിംഗിൽ കേരളത്തിലെ ഇറച്ചിക്കോഴി കർഷകരുടെയും മറ്റ് കോഴികർഷകരുടെയും വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തീരുമാനങ്ങൾ കൈക്കൊള്ളുകയും അവ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു കേരളത്തിലെ പൗൾട്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു |
| ബി) | കോഴികൃഷി വികസനത്തിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു; വിശദമാക്കാമോ? | ബി) | കോഴികൃഷി വികസനത്തിന് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

Seeli

സെക്ഷൻ ഓഫീസർ

അനുബന്ധം - I

1. മുട്ട ഉൽപാദനത്തിൽ മികച്ച നിലവാരം പുലർത്തുന്ന ഗ്രാമ പ്രിയ ഇനത്തിലെ മുട്ടക്കോഴികളെ ഉൽപാദിപ്പിച്ച് മാള, കൊട്ടിയം ഫാമുകളിൽ നിന്നും കർഷകർക്ക് വിതരണം ചെയ്യുന്നു. അതോടൊപ്പം കെപ്കോയുടെ കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡിംഗ് ഫാമിൽ നിന്നും കോബ് 400 ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നു. ഇവിടങ്ങളിൽ ഉൽപാദിപ്പിക്കുന്ന കോഴിക്കുഞ്ഞുങ്ങളെ മിതമായ .നിരക്കിലാണ് കേരളത്തിലെ കർഷകർക്ക് വിതരണം ചെയ്യുന്നത്.

2. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പാക്കുന്ന ഇന്റർഗ്രേഷൻ പദ്ധതി പ്രകാരം ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞ്, തീറ്റ,മരുന്ന് എന്നിവ താല്പര്യമുള്ള കർഷകർക്ക് വിതരണം ചെയ്ത് വളർത്തിയെടുത്ത് 45 ദിവസം പ്രായമാകുമ്പോൾ തിരിച്ചെടുക്കുകയും, ഇറച്ചിക്കോഴിക്ക് ഒരു കിലോക്ക് 6 രൂപ നിരക്കിലും മുട്ടക്കോഴി ഒന്നിന് 7 രൂപ നിരക്കിലും വളർത്തുകൂലിയായി കർഷകർക്ക് നൽകുന്നു .കോർപ്പറേഷന്റെ കീഴിലുള്ള ഹാച്ചറികളുടെ ശേഷി വർദ്ധിപ്പിച്ച് 1 കോടി കോഴിക്കുഞ്ഞുങ്ങളെ അധികമായി ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാനുള്ള ഒരു പദ്ധതിയും രൂപ കല്പന ചെയ്തിട്ടുണ്ട്.പ്രതിദിനം 6–8 മെട്രിക് ടൺ ശേഷിയുള്ള തീറ്റ നിർമ്മാണശാല കൊട്ടിയം, കുടപ്പനക്കുന്ന് ഫാമുകളിൽ പ്രവർത്തിച്ചുവരുന്നു. മാളയിൽ നിർമ്മിച്ചു കൊണ്ടിരിക്കുന്ന ഹൈടെക് തീറ്റ ഉല്പാദനകേന്ദ്രം പ്രവർത്തനം ആരംഭിക്കുന്ന തോടെ കർഷകർക്ക് കോഴിത്തീറ്റയ്ക്കു വേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സ്ഥിതി ഒരു പരിധിവരെ ഒഴിവാക്കാനാവുന്നതാണ്.

3. കെപ്കോ ചിക്കനും അനുബന്ധ ഉൽപ്പന്നങ്ങളും ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ ആവശ്യാനുസരണം ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതിനുവേണ്ടി വിവിധ സ്ഥലങ്ങളിൽ വിതരണ ശൃംഖലകൾ ആരംഭിച്ചു. അതോടൊപ്പം മണിക്കൂറിൽ 1000 കോഴികളെ ശാസ്ത്രീയമായി സംസ്കരിച്ചെടുക്കുന്നതിന് ശേഷിയുള്ള ഹൈടെക് മീറ്റ് പ്രോസസിങ്ങ് പ്ലാന്റ് കുടപ്പനക്കുന്നിൽ ആരംഭിക്കാനുള്ള നടപടികൾ ധൃതഗതിയിൽ നടന്നു കൊണ്ടിരിക്കുന്നു

Seele

സെക്ഷൻ ഓഫീസർ

അനുബന്ധം II

സംസ്ഥാനത്ത് കോഴിക്കൃഷി വികസിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും മൃഗസംരക്ഷണ വകുപ്പ്, വകുപ്പിന്റെ കീഴിലുള്ള കോഴി ഫാമുകളിൽ വിരിയിച്ചിറക്കുന്ന ഒരു ദിവസം പ്രായമായ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ എഗ്ഗർ നേഴ്സറികൾ വഴി വളർത്തി വിവിധ പ്രായത്തിൽ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികൾക്കായി കർഷകർക്ക് വിതരണം ചെയ്തുവരുന്നു. കൂടുതൽ മുട്ടയും മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ഉൽപാദിപ്പിക്കാനായി സർക്കാർ ഫാമുകളുടെ നവീകരണവും ശക്തിപ്പെടുത്തലിനുമുള്ള പ്രവർത്തനവും നടന്നുവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ കോലാനി, ചാത്തമംഗലം എന്നീ കോഴിഫാമുകളുടെ നവീകരണത്തിനും ശക്തിപ്പെടുത്തലിനുമായി 85 ലക്ഷം രൂപ അനുവദിക്കുകയും (68 ലക്ഷം കേന്ദ്ര വിഹിതം, 17 ലക്ഷം സംസ്ഥാനവിഹിതം) അതിന്റെ ആദ്യ ഗഡുവായ 42.5 ലക്ഷം രൂപ ലഭ്യമാകുകയും അതിന്റെ വിനിയോഗത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. കൂടാതെ 2012-13 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെ പൗൾട്രി വെൻചർ ക്യാപ്പിറ്റൽ ഫണ്ട് പദ്ധതി പ്രകാരം കോഴിവളർത്തൽ മേഖലയിലെ വിവിധ പദ്ധതികൾ നടപ്പിലാക്കാനായി ആനുകൂല്യങ്ങൾ ബാങ്ക് വായ്പയിലൂടെ നബാർഡുമായി ചേർന്ന് 25% ക്യാപിറ്റൽ സബ്സിഡിയോടെ നൽകിവരുന്നു.

ഈ മേഖലയിലുള്ള കോഴികർഷകരെ ഈ മേഖലയിൽ തന്നെ പിടിച്ചു നിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി എല്ലാ വർഷവും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഏറ്റവും നല്ല കോഴികർഷകരെ തിരഞ്ഞെടുത്ത് അവാർഡുകൾ നൽകിവരുന്നു.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിച്ചിട്ടുള്ള താഴെപ്പറയുന്ന പദ്ധതികളാണ് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഇപ്പോൾ നടപ്പിലാക്കി-ക്കൊണ്ടിരിയ്ക്കുന്നത്.

ഗ്രാമം നിറയെ കോഴികൾ, വീട്ടമ്മയുടെ അരുമക്കോഴികൾ, കോഴി വളർത്തൽ ഗ്രാമങ്ങൾ, കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞ്, കെപ്കോ ഗ്രാമങ്ങൾ, കെപ്കോ നഗരപ്രിയ, കെപ്കോ ആശ്രയ തുടങ്ങിയ പദ്ധതികൾ •

മൃഗസംരക്ഷണ വകുപ്പ് നിറവു മണ്ഡലങ്ങളിൽ അട്ടക്കളെ മുറ്റത്തെ കോഴിവളർത്തലും നടപ്പിലാക്കിയിട്ടുണ്ട്.

Seele
സെക്ഷൻ ഓഫീസർ